# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 08 | 2018 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

### *ശബരിമുദ്രചാർത്തി സന്നിധാനകത്തുകൾ*

ശബരിമല: പോസ്റ്റ്കാർഡും ഇൻലന്റും കവറു ഉപയോഗിച്ച് വിശേഷങ്ങളും വാർത്തകളും ദൂരെദേശങ്ങളിലുള്ളവർക്ക് കൈമാറിയ തപാൽകാലത്തെ കുറിച്ച് പുതുതലമുറയ്ക്ക് അറിയണമെന്നില്ല. മൊബൈൽഫോൺ, എസ്.എം.എസ്, ചാറ്റിങ് ആപ്പുകളും ഇ-മെയിലും നിറഞ്ഞാടുന്ന വാർത്താവിനിമയ വിസ്ഫോടനകാലത്ത് കത്തെഴുതുകയെന്നത് തീർത്ത് മറന്ന് തുടങ്ങിയ ഒരുകാര്യമാണ്. എന്നാൽ ശബരിമലയിൽ അതല്ല സ്ഥിതി. ഇവിടെയെത്തുന്ന ഭക്തരിലേറെപേരും മാളികപ്പുറത്തിനടുത്തുള്ള തപാൽ ആഫീസിൽ എത്തി, പ്രിയപ്പെട്ടവർക്ക് കത്തെഴുതുന്നു. കാർഡുകൾ വാങ്ങിക്കൊണ്ടുപോവുകയും ഇവ നിധിപോലെ സൂക്ഷിക്കുകയും ചെയ്യുന്നു. തപാൽഓഫിസിനോടോ, കത്തെഴുതുന്നതിനോ ഉള്ള പ്രണയമല്ല മറിച്ച് ആ കത്തുകളിൽ പതിയ്ക്കുന്ന തപാൽമുദ്രയോടുള്ള ഭക്തിയാണ് അയ്യപ്പഭക്തരെ ശബരിമല തപാൽ ഓഫിസിൽ എത്തിക്കുന്നത്.

പതിനെട്ടാംപടിയും അയ്യപ്പനും ചേരുന്ന പ്രത്യേകതയുള്ള തപാൽമുദ്ര. ഭക്തർ അയ്യപ്പനയക്കുന്ന കത്തുകളും മണി ഓർഡറുകളും കൈകാര്യം ചെയ്യുന്നതും ഇവിടെതന്നെ. ജീവിതദു:ഖങ്ങളെ കുറിച്ചും

സന്തോഷസന്ദർഭങ്ങളെ കുറിച്ചും പലരും അയ്യപ്പന്റെ പേരിൽ കത്തുകളെഴു തുന്നു. കല്യാണം, ഗൃഹപ്രവേശം, കടയുടെ ഉദ്ഘാടനം തുടങ്ങിയവയുടെ ക്ഷണകത്തുകളും അയ്യപ്പനെത്തേടിയെത്തുന്നത് പതിവ്മാത്രം. ഇവയെല്ലാം തരംതിരിച്ച് ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർക്ക് ജീവനക്കാർ കൈമാറു ന്നു. ഇങ്ങനെ സന്നിധാനത്തെ ഭക്തിവ്യവഹാരങ്ങളിൽ സജീവസാന്നിധ്യമാ വുകയാണ് ശബരിമല തപാൽഓഫീസ്.

രാജ്യത്ത് ഇങ്ങനെ വ്യത്യസ്ഥമായ തപാൽമുദ്ര യുള്ള ഒരേ തപാൽഓഫീസാണ് ശബരിമല തപാൽഓഫീസ്. പതിനെട്ടാംപ ടിയ്ക്ക് പടിയ്ക്കുമേൽ അയ്യപ്പനിരിക്കുന്ന ചിത്രമുള്ള ശബരിമുദ്രയാണ് ഈ ഓഫീസിന്റെ തപാൽമുദ്ര. മറ്റ് തപാൽഓഫീസുകളിൽ നിന്നും 689713 പിൻ കോഡുള്ള ഈ തപാൽഓഫിസിനെ വ്യത്യസ്ഥമാക്കുന്നതും ഇതുതന്നെ. ഈ മുദ്ര കത്തുകളിൽ ചേർത്ത് കിട്ടാൻ സന്നിധാനത്തെത്തുന്നവർ തപാൽ ഓഫിസിലെത്തി കത്തുകളയയ്ക്കുന്നു. ചിലർ കാർഡുകളും കവറുകളും മു ദ്രചാർത്തിവാങ്ങി വീടുകളിൽ പൂജാമുറികളിൽ വെക്കുന്നു. പ്രിയപ്പെട്ടവർക്ക് സമ്മാനായി നൽകുന്നു.

1960ൽ ബ്രാഞ്ച് തപാൽഓഫീസായി തുടങ്ങിയ ഇവിടെ 1975 മുതലാണ് ഇത്തരം തപാൽമുദ്ര പതിച്ച് തുടങ്ങിയത്. അന്ന് മു തൽ ശബരിമുദ്രയാണ് ഇവിടുത്തെ കത്തുകളിൽ പതിയ്ക്കുന്നത്. ശബരിമ ലസീസൺ തുടങ്ങുന്ന നവംബർ 16 മുതൽ അവസാനിക്കുന്ന ജനുവരി 17വരെ ഈ ഓഫീസ് പ്രവർത്തിക്കുന്നു. രാവിലെ ഏഴുമുതൽ രാത്രി 8.30വരെ ഓഫീസ് പ്രവർത്തനസജ്ജമാണ്. പത്തനംതിട്ട പോസ്റ്റൽ ഡിവിഷ ന് കീഴിലെ ആറ് ജീവനക്കാരാണിവിടെയുള്ളത്. കത്തുകൾക്ക് പുറമെ ഇൻ സ്റ്റന്റ് മണിഓഡർ, സേവിങ്സ്, മൊബൈൽഫോൺ ചാർജിങ് തുടങ്ങിയ സേ വനങ്ങളും ഇവിടെ ലഭ്യമാണ്.

***(പി.ആർ. ശബരി-259)***

## ***നീലാഞ്ജനം വഴിപാട് പരിഷ്ക്കരിക്കാൻ ആലോചന***

ശബരിമല: ശബരിമലയിലെ നീലാഞ്ജനം വഴിപാട് വഴിപാടുകാർക്ക് കൂടെ സാക്ഷ്യം വഹിക്കാൻ കഴിയുംവിധം പരിഷ്ക്കരിക്കുന്നു. നീലാഞ്ജനം ക ത്തിച്ച് ഉഴിഞ്ഞതിനുശേഷം വഴിപാടുകാരന് തട്ടോടെ തിരിച്ച് നൽകി അഗ്നി നാളത്തെ വന്ദിക്കാൻ കഴിയുംവിധം വഴിപാട് ക്രമീകരിക്കാനാണ് ദേവസ്വം ബോർഡിന്റെ ആലോചന. താലത്തിൽവെച്ച നാളികേരത്തിൽ നെയ്യ് ഒഴിച്ച്

എള്ളിൻ കിഴിയിട്ട് കത്തിച്ചശേഷം അയ്യപ്പവിഗ്രഹത്തെ ഉഴിഞ്ഞ് അഗ്നിനാളം വന്ദിക്കുന്നതാണ് നീലാഞ്ജനം വഴിപാട്. ഇതിൽ പലപ്പോഴും സാക്ഷ്യംവ ഹിക്കാൻ വഴിപാടുകാർക്ക് കഴിയാറില്ല. വഴിപാടുകാർ കാൺകെയുള്ള വഴി പാട് നടത്തിപ്പാണ് ദേവസ്വംബോർഡ് ലക്ഷ്യമിടുന്നത്. സുരക്ഷിതമായി ഇ തെങ്ങിനെ നടപ്പാക്കാം എന്നകാര്യം എൻജിനീയറിങ് വിഭാഗവുമായി ആ ലോചിച്ച് തീരുമാനിക്കുമെന്ന് ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുരാ രി ബാബു പറഞ്ഞു. നീലാഞ്ജനതട്ട് വഴിപാടുകാർക്ക് കൈമാറി അവർക്ക് വന്ദിക്കാൻ കഴിയുന്ന സൗകര്യമാണ് ദേവസ്വംബോർഡിന്റെ പരിഗണനയിലു ള്ളത്. നിലവിൽ നൂറുരൂപയാണ് നീലാഞ്ജനം വഴിപാടിന്റെ തുക.

***(പി.ആർ. ശബരി-260)***

## <u>***അയ്യപ്പന്റെ പ്രകീർത്തനങ്ങളുമായി സന്നിധാനം ബുക്ക്സ്റ്റാൾ***</u>

ശബരിമല: തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ സന്നിധാനത്ത് പ്രവർത്തി ക്കുന്ന ദേവസ്വം ബുക്കസ്റ്റാളിൽ ആധ്യാത്മിക പുസ്തകങ്ങളും വീഡി യോ-ഓഡിയോ സി.ഡികളും ലഭിക്കും. ബുക്ക്സ്റ്റാൾ കൂടാതെ അഞ്ചി ടത്തും സബ്സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. ഇതരസംസ്ഥാനത്ത് നിന്നു ള്ള അയ്യപ്പന്മാരുൾപ്പടെ നിരവധിപേരാണ് ദേവസ്വം ഡയറി സ്റ്റാളിൽനിന്ന് വാങ്ങുന്നത്. ഡയറി ഒന്നിന് 150 രൂപയും ചെറിയ ഡയറിയ്ക്ക് 60 രൂപയും ക ലണ്ടറിന് 30 രൂപയുമാണ് വില.

അയ്യപ്പചരിത്രവും കഥകളുമടങ്ങുന്ന സ്റ്റോറിബു ക്കുകൾ മലയാളം, തമിഴ്, തെലുങ്ക്, കന്നട, ഹിന്ദി തുടങ്ങിയ ഭാഷകളിൽ സ് റ്റോറിൽനിന്നും ലഭിക്കും. ബ്രഹ്മചൈതന്യം മുതൽ അയ്യപ്പജ്യോതിസ് എന്നീ ഐതീഹ്യങ്ങളടങ്ങിയ വിഷ്വൽ ഡി.വി.ഡി തത്വമസി ആത്മദർശനം എന്നപേ രിൽ ഇവിടെ ലഭ്യമാണ്. കൈലാസ-മാനസസരസ് തുടങ്ങി കേദാർനാഥ്, ബ ദരിനാഥ്, കാശിവിശ്വനാഥൻ, ഗുജറാത്തിലെ സോമനാഥക്ഷേത്രം തുടങ്ങി ദ്വാദശ ജ്യോതിർലിംഗക്ഷേത്ര മഹാത്മ്യങ്ങളെപ്പറ്റിയുള്ള ശിവഗീതം സിഡി യും ദ്വാരക, കുചേലാശ്രമം, ഗുരുവായൂർ, തിരുവനന്തപുരം പത്മനാഭസ്വാമി ക്ഷേത്രം തുടങ്ങിയവ പ്രതിപാദിക്കുന്ന ശ്രീകൃഷ്ണഗീതം സിഡി, മൂകാംബി ക, ചോറ്റാനിക്കര, പനച്ചിക്കാട് തുടങ്ങി പ്രധാനക്ഷേത്രങ്ങളുടെ പ്രാധാന്യം കാണിക്കുന്ന ദേവീഗീതം സിഡിയും ഇവിടെ ലഭ്യമാണ്.

നാരായണീയം, ഭഗവത്ഗീത, രാമായണം തു ടങ്ങിയ ആധ്യാത്മിക ഗ്രന്ഥങ്ങളും സ്റ്റാളിൽ ലഭ്യമാണ്. തിരുവിതാംകൂർ ദേ

വസ്വം ബോർഡിന്റെ ആധ്യാത്മിക സാംസ്ക്കാരിക മാസികയായ സന്നിധാനം മാസികയുടെ വരിക്കാരാകാനുള്ള സൗകര്യവും ഇവിടെയുണ്ട്. ഒരുവർഷത്തേയ്ക്ക് വാർഷികിവരിസംഖ്യ 200 രൂപയാണ്. ലളിതസഹസ്രനാമ പുസ്തകം ഉൾപ്പടെയുള്ള വിവിധ ദേവി–ദേവന്മാരെ സ്തുതിച്ചുകൊണ്ടുള്ള ആധ്യാത്മിക പുസ്തകങ്ങളും ഇവിടെ ലഭ്യമാണ്.

*(പി.ആർ. ശബരി–261)*

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 08 | 2018 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ്–2


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


---

### ***ശബരിമലതീർത്ഥാടനം: നിരോധനാജ്ഞ 12ന് അർധരാത്രി വരെ നീട്ടി***

ശബരിമല: ഇലവുങ്കൽ മുതൽ സന്നിധാനം വരെ പ്രഖ്യാപിച്ചിരുന്ന നിരോധനാജ്ഞ ഡിസംബർ 12ന് അർധരാത്രി വരെ ദീർഘിപ്പിച്ച് ജില്ലാ മജിസ്‌ട്രേട്ടും ജില്ലാ കളക്ടറുമായ പി.ബി. നൂഹ് ഉത്തരവ് പുറപ്പെടുവിച്ചു. ശബരിമല ദർശനത്തിന് എത്തുന്ന തീർഥാടകരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും ക്രമസമാധാനം നിലനിർത്തി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും പൊതുമുതൽ സംരക്ഷിക്കുന്നതിനുമാണ് നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുള്ളത്. പമ്പാ പോലീസ് സ്‌റ്റേഷൻ പരിധിയിൽ ഇലവുങ്കൽ മുതൽ സന്നിധാനം വരെയുള്ള എല്ലാ പ്രദേശങ്ങളിലും മുഴുവൻ റോഡുകളിലും ഉപറോഡുകളിലും നിരോധനാജ്ഞ ബാധകമാണ്.

ഇലവുങ്കൽ മുതൽ സന്നിധാനം വരെയുള്ള പ്രദേശങ്ങളിൽ ജനങ്ങൾ നിയമവിരുദ്ധമായി സംഘം ചേരുന്നതും, പ്രകടനം, പൊതുയോഗം, വഴിതടയൽ എന്നിവ നടത്തുന്നതും നിരോധിച്ചിട്ടുണ്ട്. ശബരിമല ദർശനത്തിന് എത്തുന്ന തീർഥാടകർക്ക് സമാധാനപരമായ ദർശനം, അവരുടെ വാഹനങ്ങളുടെ സുഗമമായ സഞ്ചാരം എന്നിവ

നിരോധനാജ്ഞയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഭക്തർക്ക് ഒറ്റയ്ക്കോ, സംഘമായോ ദർശനത്തിന് എത്തുന്നതിനോ, ശരണം വിളിക്കുന്നതിനോ, നാമജപം നടത്തുന്നതിനോ ഈ ഉത്തരവു മൂലം യാതൊരു തടസവുമില്ലായെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

***(പി.ആർ. ശബരി-262)***

## <u>വനഭൂമിയുടെ കാര്യത്തിൽ ധാരണ; നിലയ്ക്കൽ കുടിവെള്ളപദ്ധതി നടപ്പാവും: രാജു എബ്രഹാം എം.എൽ.എ</u>

ശബരിമല: നിലയ്ക്കൽ കുടിവെള്ള പദ്ധതിയ്ക്കാവശ്യമായ വനഭൂമി വിട്ടു നൽകുന്നത് സംബന്ധിച്ച് വനംവകുപ്പിലേയും വാട്ടർഅതോറിറ്റിയിലേയും ഉന്നതഉദ്യോഗസ്ഥർ നടത്തിയ സംയുക്തസ്ഥല പരിശോധനയിൽ ധാരണയായതോടെ 95കോടി രൂപയുടെ നിലയ്ക്കൽ കുടിവെള്ളപദ്ധതി പൂർണമായും നടപ്പാക്കാൻ കഴിയുമെന്ന് രാജു എബ്രഹാം എം.എൽ.എ. വാർത്താകുറിപ്പിൽ അറിയിച്ചു. കുടിവെള്ളപദ്ധതി യാഥാർത്ഥ്യമാകുന്നതോടെ രണ്ടുലക്ഷത്തിലേറെവരുന്ന ശബരിമല തീർത്ഥാടകർക്കും സീതത്തോട് ഗ്രാമപ്പഞ്ചായത്തിലെ പതിനായിരത്തിലേറെപേർക്കും പെരുനാട് ഗ്രാമപ്പഞ്ചായത്തിലെ കിസുമം, തുലാപ്പള്ളി, കൊല്ലമൂഴി, പമ്പാവാലി, അട്ടത്തോട് പ്രദേശങ്ങളിലെ നാട്ടുകാർക്കും കുടിവെള്ളം സുലഭമാകും. പദ്ധതിയുടെ ആദ്യഘട്ടത്തിന് എം.എൽ.എയുടെ സബ്മിഷനെ തുടർന്ന് ഒൻപത്കോടിരൂപ അനുവദിച്ചിരുന്നു.

വാട്ടർഅതോറിറ്റിയുടെ നേതൃത്വത്തിലാണ് കുടിവെള്ളപദ്ധതിയുടെ നിർമാണപ്രവർത്തികൾ നൽകുന്നത്. സീതത്തോട് ഗ്രാമപ്പഞ്ചായത്ത് വിലകൊടുത്ത് വാങ്ങിയ സ്ഥലത്ത് ജലശുദ്ധീകരണശാലയുടേയും കിണറിന്റേയും നിർമാണപ്രവർത്തികൾ അവസാനഘട്ടത്തിലാണ്. ദിവസംതോറും 1.3കോടി ലിറ്റർ ജലം ശുദ്ധീകരക്കാൻ ശേഷിയുള്ളതാണ് സീതത്തോട്ടിലെ ജലശുദ്ധീകരണശാല. ഇവിടെ ശുദ്ധീകരിക്കുന്ന ജലം 21 കിലോമീറ്റർ നീളത്തിൽ സ്ഥാപിക്കുന്ന 500 മില്ലിമീറ്റർ വ്യാസമുള്ള ഉരുക്ക്പൈപ്പിലൂടെ നിലയ്ക്കലിൽ നിർമിക്കുന്ന കുടിവെള്ളടാങ്കിൽ എത്തിക്കും. 20ലക്ഷം ലിറ്റർ വീതം കപ്പാസിറ്റിയുള്ള മൂന്ന് ടാങ്കുകളാണ് നിലയ്ക്കലിൽ നിർമിക്കുക.

ശബരിഗിരിപദ്ധതിയുടെ ഭാഗമായ കക്കാട് പവ്വർഹൗസിൽനിന്നും പുറത്തേയ്ക്ക് വിടുന്ന ജലമാണ് പദ്ധതിയുടെ സ്രോതസ്സ്. പ്രത്യേകം നിർമിച്ച കിണറിൽ നിന്നാണ് ശുദ്ധീകരണശാലയിൽ ജലമെത്തിക്കുന്നത്. 365ദിവസം 24 മണിക്കൂറും യഥേഷ്ടം ജലലഭ്യത ഉറപ്പിക്കാമെന്ന് വാട്ടർഅതോറിറ്റി അധികൃ

തർ അറിയിച്ചു. ശബരിമല തീർത്ഥാടകർക്കുള്ള ബെയ്സ് സ്റ്റേഷനായി നിലയ്ക്കൽ തീരുമാനിച്ച പശ്ചാത്തലത്തിൽ അടുത്ത തീർത്ഥാടനകാലം തുടങ്ങുന്നതിന് മുമ്പ് ഒന്നും രണ്ടുംഘട്ട പണികൾ പൂർത്തീകരിച്ച് നിലയ്ക്കൽവരെ വെള്ളമെത്തിക്കാനാണ് വാട്ടർ അതോറിറ്റിയുടെ തീരമാനം. മൂന്നാംഘട്ടത്തിലാണ് കുടിവെള്ളവിതരണ പൈപ്പ് ശൃംഖലയുടെ പണിതുടങ്ങുക. വിതരണശൃംഖലകൾ ഉൾപ്പടെയാണ് 95കോടിരൂപ പദ്ധതി ചിലവ് പ്രതീക്ഷിക്കുന്നത്. ഭാവിയിൽ നിലയ്ക്കലിലേയ്ക്ക് ആവശ്യമായ കൂടുതൽ ജലം എത്തിക്കാനുതകുംവിധമാണ് പദ്ധതിയുടെ നിർമാണം. ശുദ്ധീകരണശാലയുടെ പ്രതിദിനശുദ്ധീകരണശേഷി 1.3കോടി ലിറ്ററിൽ നിന്നും രണ്ടുകോടി ലിറ്ററായി ഉയർത്താൻ കഴിയും. ബുസ്റ്റർ സ്റ്റേഷനുകൾ, പമ്പിങ് മെഷിനുകൾ, പമ്പ് സെറ്റുകൾ, ട്രാൻസ്പോർമറുകൾ ഉൾപ്പെട്ടതാണ് കുടിവെള്ളവിതരണ പദ്ധതി. പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ ആദിവാസികോളനികൾ ഉൾപ്പടെയുള്ള ഒരുവലിയ ജനതയുടെ സ്വപ്നമാണ് പൂവണിയുന്നത്.

*(പി.ആർ. ശബരി-263)*

## <u>*പമ്പാ നദിയെ സുന്ദരിയാക്കാൻ രാജു എബ്രഹാം എം എൽ എ ; ഗ്രീൻ ഗാർഡ്സിന്റെ പ്രവർത്തനം പമ്പയിൽ ഉദ്ഘാടനം ചെയ്തു*</u>

ശബരിമല: 'സ്വാമീ...... തുണി, സോപ്പ് ഇങ്കെ ഇട ക്കൂടാത് പമ്പാ നദി പുണ്യമാനത്'രാജു എബ്രഹാം എം എൽ എ പമ്പാ സ്നാനം നടത്തുന്ന ഭക്തരോട് ഉറക്കെപ്പറഞ്ഞു കൊണ്ട് നദിയിലൂടെ ഒഴുകി വരുന്ന തുണികൾ ഓരോന്നായി വലിച്ച് കരയിൽ കൂട്ടിയിട്ടു. വീണ്ടും അടുത്ത തുണി പെറുക്കുന്ന തിരക്കിലായി. ഞങ്ങൾ പമ്പയെ നശിപ്പിക്കില്ല എന്ന് ഭക്തർ എം എൽ എ യോട് പറഞ്ഞു കൂടെ നീണ്ട കൈയ്യടിയും. പമ്പാനദി ക്ലീനാക്കാൻ ഇറങ്ങിയ എം.എൽ.എയോടൊപ്പം സെൽഫിയെടുക്കുവാൻ മത്സരമായിരുന്നു പിന്നീട്.

സ്നാന ശേഷം അയ്യപ്പന്മാർ പമ്പയിലേക്ക് തുണി വലിച്ചെറിയുന്നത് പരിസ്ഥിതിക്ക് ദോഷകരമാണെന്നും, പമ്പാനദിയെ മാലിന്യമുക്തമായി സൂക്ഷിക്കുന്നതിന് ഭക്തരിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി ശുചിത്വ മിഷന്റെ നേതൃത്വത്തിൽ നടത്തുന്ന ഗ്രീൻ ഗാർഡ്സിന്റെ പ്രവർത്തനം പമ്പയിൽ ഫ്ളാഗ് ഓഫ് ചെയ്ത് സംസാരിക്കുകയായിരുന്നു റാന്നി എം.എൽ.എ രാജു എബ്രഹാം.

ശബരിമലയെ പ്ലാസ്റ്റിക് മുക്തമാക്കുകയാണ് ലക്ഷ്യം. അതിനായി ഭക്ത ജനങ്ങളുടെ സഹകരണം അത്യന്താപേക്ഷിതമാണ്. അതിന്റെ ഭാഗമായി ബേസ് ക്യാമ്പായ നിലയ്ക്കൽ വരുന്ന എല്ലാ തീർത്ഥാടകർക്കും സൗജന്യമായി തുണി സഞ്ചികൾ വിതരണം ചെയ്യും.പ്രതിദിനം പതിനയ്യായിരം തുണി സഞ്ചികൾ വിതരണം ചെയ്യുവാനാണ് ആദ്യഘട്ടമെന്ന നിലയിൽ ലക്ഷ്യമിടുന്നത്.അധികം സഞ്ചികൾ ആവശ്യമായി വന്നാലും വിതരണം ചെയ്യുവാൻ ശുചിത്വമിഷൻ സജ്ജമാണ്. ജില്ലാ ശുചിത്വമിഷൻ ഐ ഡി ബി ഐ ബാങ്കിന്റെ സഹായത്തോടെയാണ് തുണി സഞ്ചികൾ വിതരണം ചെയ്യുക.കൂടാതെ നാല് ഭാഷയിലുള്ള പോക്കറ്റ് കാർഡുകളും വിതരണം ചെയ്യും. പരിസ്ഥിതി സന്ദേശങ്ങൾ അടങ്ങിയ സ്റ്റിക്കറു കൾ കെ എസ് ആർ ടി സി ബസിൽ പതിപ്പിക്കുവാനും തീരുമാനമായിട്ടുണ്ട്.

പമ്പയിൽ ഉപേക്ഷിക്കുന്ന വസ്ത്രങ്ങൾ പൂർണമായും നീക്കം ചെയ്യുക, വസ്ത്രങ്ങൾ പമ്പയിൽ ഇടാതിരിക്കുവാൻ ഭക്തരെ ബോധവത്ക്കരിക്കുക എന്നിവയാണ് ഗ്രീൻ ഗാർഡ്സിന്റെ പ്രവർത്തനങ്ങൾ .അതിനായി 21 പേരടങ്ങുന്ന സംഘമാണ് പമ്പയിലും നിലയ്ക്കലുമായി സജ്ജമായിരിക്കുന്നത്.ഇരുപത്തിനാല് മണിക്കൂറും ഈ സംഘത്തിന്റെ പ്രവൃത്തനം ലഭ്യമാകും.
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ഗ്രീൻ ഗാർഡ്സ് അംഗങ്ങൾക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയ ടാഗുകൾ വിതരണം ചെയ്തു.
ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ രശ്മി മോൾ, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ റ്റി.എം.ജോസഫ്, റിസോഴ്സ് പേഴ്സൺ രാധാകൃഷ്ണൻ നായർ, ജെറിൻ ജയിംസ് എന്നിവർ പങ്കെടുത്തു.

നിലയ്ക്കലിൽ ഭക്തർ കൊണ്ടുവരുന്ന പ്ലാസ്റ്റിക് ബാഗുകൾക്ക് പകരം തുണി സഞ്ചി വിതരണം ചെയ്യുന്നതിനായുള്ള സ്റ്റാളിന്റെ ഉത്ഘാടനവും എം എൽ എ നിർവഹിച്ചു.ല

*(പി.ആർ. ശബരി-264)*

## ***ഭക്തിസാന്ദ്രമാക്കി ഭാഗവതപാരായണം***

ശബരിമല: നാൽപ്പത്തിയൊന്നുവരെ മുടങ്ങാതെ സന്നിധാനത്തെ വലിയനട പ്പന്തലിലുള്ള ഓഡിറ്റോറിയത്തിൽ നടക്കുന്ന ശ്രീമദ്ഭാഗവതപാരായണം സ ന്നിധാനത്തെ വേറിട്ട അനുഭവമാണ്. അഖിലകേരള പുരാണപാരായണ കലാ

സംഘടനയുടെ ആഭിമുഖ്യത്തിലാണ് ഭാഗവതപാരായണം നടത്തുന്നത്. രാവിലെ ആരംഭിക്കുന്ന ഭാഗവതപാരായണം വൈകിട്ടാണ് അവസാനിക്കുക. അഖിലകേരള പുരാണപാരായണ കലാസംഘടന പ്രവർത്തകൻ കൊല്ലം കരുനാഗപ്പള്ളി സ്വദേശി രാജനാണ് ഭാഗവതപാരായണത്തിന്റെ ചുമതല. കഴിഞ്ഞ 15 വർഷമായി ഈ ഉത്തരവാദിത്വം രാജൻ നിറവേറ്റുന്നു. തന്റെ ജീവിതത്തിൽ ഭഗവാനെ സേവിക്കാനുള്ള വലിയ അവസരമായിട്ടാണ് ഇതിനെ രാജൻ കാണുന്നത്. പാരായണീയർക്ക് സൗജന്യഭക്ഷണവും താമസവും തിരുവിതാംകൂർ ദേവസ്വംബോർഡ് നൽകുന്നുണ്ട്.

***(പി.ആർ. ശബരി-265)***

## <u>*കണ്ണിമചിമ്മാത്ത ജാഗ്രത*</u>

ശബരിമല: സന്നിധാനത്ത് ശാന്തിയും സമാധാനവും കാത്തുസൂക്ഷിക്കാൻ നിയോഗിക്കപ്പെട്ട വിവിധസേനാവിഭാഗങ്ങളിൽ കേന്ദ്രസേനാവിഭാഗങ്ങളായ ദുരന്തനിവാരണസേനയും(നാഷനൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ്), ദ്രുതകർമ്മസേനയും(റാപ്പിഡ് ആക്ഷൻ ഫോഴ്സ്). 2008 മുതലാണ് ശബരിമലയിലെ പമ്പയും സന്നിധാനവുമുൾപ്പടെയുള്ള മേഖലയിലെ സുരക്ഷാകാര്യങ്ങളിൽ എൻ.ഡി.ആർ.എഫും ആർ.എ.എഫും ഇടപെട്ട് പ്രവർത്തിക്കാനാരംഭിക്കുന്നത്. ശബരിമലയിലെപ്പോലെ കാനനമധ്യത്തിലെ ക്ഷേത്രത്തിൽ ലക്ഷോപലക്ഷം വരുന്ന ഭക്തർക്ക് വർഷാവർഷം അല്ലലില്ലാതെ അയ്യനെ തൊഴുത് മടങ്ങാനാകുന്നത് കേന്ദ്രപാര മിലിട്ടറിവിഭാഗങ്ങളിൽ ഉൾപ്പെടുന്ന ഈ രണ്ട് സേനാവിഭാഗങ്ങളും സംസ്ഥാനപോലിസും ഒത്തൊരുമയോടെയാണ് പ്രവർത്തിക്കുന്നതുകൊണ്ടാണ്. എൻ.ഡി.ആർ.എഫിന്റെ ആർക്കോണം യൂണിറ്റിലെ 93 സേനാംഗങ്ങളെയാണ് പമ്പയിലും സന്നിധാനത്തുമായി നിലവിൽ വിന്യസിപ്പിച്ചിട്ടുള്ളതെന്ന് കഴിഞ്ഞ പതിനൊന്നുവർഷമായി തുടർച്ചയായി സന്നിധാനത്തെ കേന്ദ്രസേനാവിഭാഗങ്ങളുടെ ചുക്കാൻപിടിക്കുന്ന എൻ.ഡി.ആർ.എഫ്. ഡപ്യൂട്ടി കമാൻഡന്റ് ജി. വിജയൻ പറഞ്ഞു.

കെട്ടിടങ്ങളും പാലങ്ങളും തകരുന്നത് തുടർന്നുണ്ടാകുന്ന അത്യാഹിതങ്ങൾ, മെഡിക്കൽ, ബയോളജിക്കൽ, റേഡിയോളജിക്കൽ അത്യാഹിതങ്ങൾ, പ്രളയം, തിക്കിലും തിരക്കിലുംപെട്ടുണ്ടാകുന്ന അത്യാഹിതങ്ങൾ എന്നിങ്ങനെയുള്ള വ്യത്യസ്ഥ ദുരന്തമുഖങ്ങളിൽ അടിപതറാതെ നിന്ന് രക്ഷകരാകാൻ കഴിവുള്ളവരാണിവർ.ആർ.എ.എഫ്. കോയമ്പത്തൂർ യൂണിറ്റിലെ രണ്ട് കമ്പനികളിൽ നിന്നായി 260പേരെയാണ് സന്നിധാനത്തും പമ്പയിലുമായി വിന്യസിപ്പിച്ചിട്ടുള്ളതെന്ന് ഡെപ്യൂട്ടി കമാൻഡർ ദി

നേശ് പറഞ്ഞു. ജനക്കൂട്ട നിയന്ത്രണത്തിലും കലാപനിയന്ത്രണത്തിലും പ്രത്യേക വൈദഗ്ദ്ധ്യം നേടിയിട്ടുള്ള ആർ.എ.എഫ്. സേനാംഗങ്ങളെ സന്നിധാനത്തിന്റേയും പരിസരപ്രദേശത്തിന്റേയും സുരക്ഷയ്ക്ക് പരമപ്രാധാന്യം നൽകുന്ന രീതിയിലാണ് വിന്യസിച്ചിട്ടുള്ളതെന്ന് അദ്ദേഹം പറഞ്ഞു.

*(പി.ആർ. ശബരി–266)*

## *ശബരിമലയിലെ ഇന്നത്തെ ചടങ്ങുകൾ(09–12–18)*

രാവിലെ
3 ന് ..... ക്ഷേത്രനട തുറക്കൽ
3.05 ന് ..... നിർമ്മാല്യം
3.15 മുതൽ ഉച്ചയ്ക്ക് 12വരെ നെയ്യഭിഷേകം
3.30 ന് ഗണപതി ഹോമം
7.30 ന് ഉഷപൂജ
12.40ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കും

വൈകുന്നേരം
3 ന് നടതുറക്കൽ
6.30ന് ദീപാരാധന
7 ന് പുഷ്പാഭിഷേകം
രാത്രി 9.30 ന് അത്താഴപൂജ
10.50ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും ....

*(പി.ആർ. ശബരി–267)*



**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

| **ഡിസംബർ** <br> **DECEMBER** **08** | **2018** |
|---|---|



## ശബരിമല പത്രക്കുറിപ്പ്–3

ഫോൺ : 04735–202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

## ***സന്നിധാനത്ത് വൻഭക്തജനതിരക്ക്, വെള്ളിയാഴ്ചയെത്തിയത് 85000ലധികം ഭക്തർ***

ശബരിമല: മണ്ഡല മകരവിളക്ക് തീർത്ഥാടന കാലം ആരംഭിച്ചതിനുശേഷമുള്ള വൻതിരക്കാണ് വെള്ളിയാഴ്ച്ച അനുഭവപെട്ടത്. ഉച്ചക്ക് നടയടച്ചതിനുശേഷവും പതിനെട്ടാംപടി കയറിയ ഭക്തരുടെ നീണ്ടനിര ഫ്ളൈഓവറും നിറഞ്ഞ് നടപ്പന്തലിലേക്ക് നീണ്ടു. ബുധൻ ,വ്യാഴം ദിവസങ്ങളിൽ അറുപതിനായിരത്തിൽ അധികം ഭക്തർ വീതം ദർശനം നടത്തി മടങ്ങിയതായാണ് പൊലീസിന്റെ കണക്ക്.മണ്ഡല–മകരവിളക്ക് ഉത്സവത്തിന്റെ ഇരുപത്തി ഒന്നാം ദിവസമായ വെള്ളിയാഴ്ച്ച എൺപത്തി അയ്യായിരത്തി ഒരുന്നൂറ്റി ഇരുപത്തിയാറ്(85,126)ഭക്തരാണ് ദർശന പുണ്യം നേടിയത്.നെയ്യഭിഷേക ടിക്കറ്റിലും വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

അപ്പം ,അരവണ വിൽപ്പനയിലും മാറ്റം വന്നിട്ടുണ്ട്. അന്നദാന മണ്ഡപത്തിൽ ഭക്ഷണം കഴിക്കാൻ എത്തുന്നവരുടെ എണ്ണവും ദിനംപ്രതി വർദ്ധിച്ചുവരുകയാണ്. രണ്ടാം ശനിയാഴ്ചയും അറുപതിനായിരത്തിലധികം

പേർ മല ചവിട്ടി .ഞായറാഴ്ച്ചയും വലിയ തിരക്കാണ് പ്രതീക്ഷിക്കുന്നത്. വിശ്രമകേന്ദ്രങ്ങളിലും നടപ്പന്തലിലും അയ്യപ്പൻമാർക്ക് സൗജന്യ കുടിവെള്ളവും ലഘുഭക്ഷണവും നൽകുന്നത് ഭക്തർക്ക് ആശ്വാസമാകുന്നു. ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള തീർഥാടകരുടെ വരവ് വർദ്ധിച്ചത് ആണ്സന്നിധാനത്ത് തിരക്ക് വർദ്ധിക്കാൻ കാരണമായത്.

വെള്ളിയാഴ്ച്ച മാത്രം നിലയ്ക്കലിൽനിന്ന് പമ്പയിലേക്ക് ആയിരത്തി അൻപത്തയേഴ് (1057) സർവ്വീസുകളാണ് കെ എസ് ആർ ടി സി ഓപ്പറേറ്റ് ചെയ്തത്.ശനിയാഴ്ച ഇതിന്റെ പകുതിയിൽ കൂടുതൽ സർവ്വീസുകൾ നടത്തിയതായി കെ എസ് ആർ ടി സി അറിയിച്ചു. പത്തനംതിട്ട,ചെങ്ങന്നൂർ,കോട്ടയം,എറണാകുളം,കുമളി എന്നിവിടങ്ങളിൽനിന്നുമാണ് കെ എസ് അർ ടി സി കൂടുതൽ ബസ്സുകൾ സർവ്വീസ് നടത്തിയത്. പരമ്പരാഗത കാനനപാതയിൽ കൂടിയും പുൽമേടുവഴിയുള്ള തീർത്ഥാടകരുടെ എണ്ണവും വർദ്ധിച്ചിട്ടുണ്ട്. സുഗമായ ദർശനത്തിനായി സർക്കാറും ദേവസ്വം ബോർഡും സംയുക്തമായി ഒരുക്കിയിരിക്കുന്ന ക്രമീകരണങ്ങളിലും അടിസ്ഥാന സൗകര്യങ്ങളിലും പൂർണ്ണ തൃപ്തി രേഖപ്പെടുത്തിയാണ് ഭക്തർ മലയിറങ്ങുന്നത്.സോഷ്യൽമീഡിയവഴിയുള്ള തെറ്റായപ്രചരണങ്ങൾ അയ്യപ്പ ഭക്തർ തള്ളികളഞ്ഞു എന്നതിന്റെ തെളിവാണ് ശബരിമലയിലേക്കുള്ള ഭക്തരുടെ വർദ്ധനവ് കാണിക്കുന്നത്. വരും ദിവസങ്ങളിൽ ഭക്തരുടെ ഒഴുക്ക് വർദ്ധിക്കുമെന്നാണ് ദേവസ്വം ബോർഡിന്റെ വിലയിരുത്തൽ.

നെയ്യഭിഷേകത്തിന് ദേവസ്വം ബോർഡ് ഒരുക്കിയ പുതിയ ക്രമീകരണം പ്രയോജനപ്പെടുത്തുന്ന അയ്യപ്പഭക്തരും നിരവധിയാണ്. സംസ്ഥാനത്ത് ക്രിസ്തുമസ് പരീക്ഷയ്ക്ക് തുടക്കമാകുന്നതിനാൽ ഇനി വരുന്ന ഒരാഴ്ച ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള അയ്യപ്പഭക്തർ ആയിരിക്കും അയ്യപ്പദർശന പുണ്യത്തിനായി എത്തിച്ചേരുക. മാളികപ്പുറങ്ങളുടെയും കുട്ടി അയ്യപ്പൻമാരുടെയും വരവും കഴിഞ്ഞ ദിവസങ്ങളിൽ ഏറിയിട്ടുണ്ട്.മണ്ഡലം – മകരവിളക്ക് ഉത്സവത്തിന്റെ രണ്ടാമത്തെ ആഴ്ചയിലും വലിയ തിരക്ക് സന്നിധാനത്ത് അനുഭവപ്പെട്ടിരുന്നു.അയ്യപ്പഭക്തൻമാർക്ക് വിരിവയ്ക്കാനും വിശ്രമിയ്ക്കാനുമായി ഒരുക്കിയിട്ടുള്ള പ്രത്യേക സംവിധാനങ്ങളും സൗകര്യങ്ങളും ബഹുഭൂരിപക്ഷം അയ്യപ്പ ഭക്തരും ഉപയോഗിക്കുന്നുണ്ട്. ഇതുവരെയായി 9 ലക്ഷത്തിലധികം ഭക്തർ ശബരിമല സന്നിധാനത്തെത്തി ദർശനം നടത്തി മടങ്ങിയതായാണ് പൊലീസിന്റെ കണക്കുകൾ വ്യക്തമാക്കുന്നത്.

*സുനിൽ അരുമാനൂർ*
*പബ്ലിക്ക് റിലേഷൻസ് ഓഫീസർ*
*തിരുവിതാംകൂർ ദേവസ്വംബോർഡ്*

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.